Lalth Babu

# കുടുംബശ്രീയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഒന്നാം അപ്പീൽ അധികാരി എന്നിവരെ നിയോഗിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ്



"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ മിഷൻ - കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം - വിവരാവകാശ നിയമത്തിലെ പൊതുഅധികാരികളെ സംബന്ധിച്ച വ്യവസ്ഥ - കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോ ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.19/2024/LSGD തീയതി,തിരുവനന്തപുരം, 29-01-2024

---

പരാമർശം:-

1. 18/08/1995 -ലെ സ.ഉ.(സാധാ) നം.794/1995/തസ്വഭവ
2. 08/08/2008 -ലെ സ.ഉ.(പി) നം.222/2008/തസ്വഭവ
3. 07/10/2014 -ലെ സ.ഉ.(പി) നം.170/2014/തസ്വഭവ
4. 13/11/2014 -ലെ സ.ഉ.(പി) നം. 198/2014/തസ്വഭവ
5. 15/01/2021 -ലെ സ.ഉ.(പി) നം.10/2021/തസ്വഭവ
6. 08/11/2021 -ലെ സ.ഉ.(പി) നം.55/2021/തസ്വഭവ
7. ബഹു.ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ 01/11/2023 തീയതിയിലെ 18627/SIC-G5/2023 നം. കത്ത്.
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09/01/2024 തീയതിയിലെ 1749/M1/2023/KSHO നം. കത്ത്.

<u>**ഉത്തരവ്**</u>

പരാമർശം (1) ഉത്തരവ് പ്രകാരം കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോ അംഗീകരിച്ചും പരാമർശം (2), (3), (4), (5), (6) ഉത്തരവുകൾ പ്രകാരം പ്രസ്തുത ബൈലോ പരിഷ്കരിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം - (6 ) പ്രകാരം പുറപ്പെടുവിച്ച സി.ഡി.എസ്. ബൈലോയിലെ അനുച്ഛേദം 16.3.4.1 -ൽ സി.ഡി.എസിന്റെ വിവരാവകാശ ഉദ്യോഗസ്ഥ(ൻ) സി.ഡി.എസ്. അക്കൗണ്ടന്റും അപ്പീൽ അധികാരി മെമ്പർ സെക്രട്ടറിയുമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. എന്നാൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നുള്ള പരാമർശം (7) കത്തിലെ ബഹു.ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി നിയമിച്ചും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചും പരാമർശം (6) ബൈലോയിൽ ഭേദഗതി വരുത്തുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ

ചേർക്കും പ്രകാരം കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോയിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| അനുച്ഛേദം | നിലവിലെ വ്യവസ്ഥ | ഭേദഗതി |
|---|---|---|
| 16.3.4.1 | സി.ഡി.എസിന്റെ വിവരാവകാശ ഉദ്യോഗസ്ഥ(ൻ) സി.ഡി.എസ്. അക്കൗണ്ടന്റും അപ്പീൽ അധികാരി മെമ്പർ സെക്രട്ടറിയും ആയിരിക്കും | സി.ഡി.എസിന്റെ വിവരാവകാശ ഉദ്യോഗസ്ഥ(ൻ) മെമ്പർ സെക്രട്ടറിയും അപ്പീൽ അധികാരി ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും ആയിരിക്കും |

5. പ്രസ്തുത ബൈലോ ഭേദഗതി ഉടൻ കുടുംബശ്രീ മിഷനു കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രാബല്യത്തിൽ വരുത്തേണ്ടതും വിവരാവകാശ നിയമം, 2005, വകുപ്പ് 4 (1) (b) (xvi) പ്രകാരം ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും വിവരാവകാശ നിയമ പൊതു അധികാരികളുടെ ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി സംസ്ഥാന വിവരവകാശ കമ്മീഷൻ ( with c/ I )
ബന്ധപ്പെട്ട അപേക്ഷകൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക (Web & New Media) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No.IA1/415/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 30-01-2024 11:11:52
സെക്ഷൻ ഓഫീസർ